138
2718/Qn A3/2015

# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** | **11-03-20[illegible] ൽ**

**ചോദ്യം നം. 887** | **മറുപടി നൽകേണ്ടിയിരുന്നത്**

## ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.കെ.എസ്.സലീഖ** | | **ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) | മികച്ച മഴ ലഭിച്ചിട്ടും സംസ്ഥാനം കടുത്ത വരൾച്ചയെ ഇത്തവണ അഭിമുഖീകരിക്കാൻ സാധ്യതയുണ്ട് എന്ന് സംസ്ഥാന ദുരന്ത നിവാരണ കേന്ദ്രത്തിന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ അതിന്മേൽ എന്തു നടപടി സർക്കാർ സ്വീകരിച്ചു; വിശദാംശം നൽകുമോ; | (എ) | കടുത്ത വരൾച്ചാ സാദ്ധ്യതയുണ്ട് എന്ന് റിപ്പോർട്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നൽകിയിട്ടില്ല. എന്നാൽ കുടിവെള്ള ക്ഷാമം രൂക്ഷമാകാനുള്ള സാദ്ധ്യതകളുണ്ട് എന്നും ആയതിനെ നേരിടുവാനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട് എന്നും അറിയിച്ചിരുന്നു. |
| (ബി) | 2015 ജനുവരി മുതൽ സംസ്ഥാനത്തിന്റെ 65% മേഖലകളിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുകയും മലിനജലം ഉപയോഗിക്കേണ്ടിയും വരുമെന്നതിനാൽ ഇതിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ സർക്കാർ എന്തു നടപടികൾ സ്വീകരിക്കും എന്നും ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ; | (ബി) | 2015 ൽ 65% പ്രദേശങ്ങളിലും ശുദ്ധജലക്ഷാമം നേരിടുമെന്ന് ഒരു റിപ്പോർട്ടും ലഭിച്ചിട്ടില്ല എന്നിരുന്നാലും വേനൽക്കാല ജലശോഷണം കണക്കിലെടുത്ത്, കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി ധനലഭ്യതയ്ക്കനുസൃതമായി കേരള ജലഅതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം<br>2. കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ<br>3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ<br>4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക<br>5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ്ലൈനുകൾ നീട്ടുക.<br>6. തകരാറിലായ പൈപ്പ്ലൈനുകൾ മാറ്റുക.<br>7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് തിരിച്ചു വിടുകയും ചെയ്യുക.<br>8. ഇൻഫിൽട്രേഷൻ ഗാലറി, കിണറുകൾ, കുളങ്ങൾ |

| | | | |
|---|---|---|---|
| | | | എന്നിവ വൃത്തിയാക്കുകയും, കുഴൽ കിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക<br>**9.** വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിതസമയം കുടിവെള്ളം നൽകുക മുതലായവ.<br>വേനൽക്കാലത്തെ ജലക്ഷാമം നേരിടുന്നതിനായി ഭൂജല വകുപ്പ് 17.67 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയത്. ഇതിൽ ഹാന്റ് പമ്പ് റിപ്പയർ, കുടിവെള്ള പദ്ധതികളുടെ നവീകരണം, പുതിയ കുഴൽ കിണർ നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. |
| (സി) | സംസ്ഥാനത്തെ നദികളെയും, ജലാശയങ്ങളെയും, കുളങ്ങളെയും നീരുറവകളെയും സംരക്ഷിക്കാൻ സർക്കാർ നടപ്പുവർഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (സി) | **<u>കേരള ജല അതോറിറ്റി</u>**<br>കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾക്കു സമീപം പരസ്യ ബോർഡുകൾ സ്ഥാപിച്ചും പത്രമാധ്യമങ്ങളിലൂടെ പരസ്യം നൽകിയും മലിനീകരണങ്ങൾ തടയുവാനും കയ്യേറ്റങ്ങൾ ഉണ്ടാകാതെയും കേരള ജലഅതോറിറ്റി സംരക്ഷിക്കുന്നുണ്ട്. ഇതു കൂടാതെ കുടിവെള്ള സ്രോതസ്സുകളായ നദികളും നദീതീരങ്ങളും മലിനമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ജില്ലാ ഭരണകൂടവും അതാത് പ്രദേശങ്ങളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്. വരൾച്ച പ്രതിരോധിക്കുന്നതിനായി ജലസ്രോതസ്സുകളിലെ ജലവിതാനം നിലനിർത്തുന്നതിന് വേണ്ടി കേരള ജല അതോറിറ്റിയുടെ വിവിധ ജലവിതരണ പദ്ധതി പ്രദേശങ്ങളുടെ സ്രോതസ്സുകളിൽ തടയണ നിർമ്മാണം, സ്രോതസ്സുകളിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്യൽ, ഇൻഫിൽട്രേഷൻ ഗാലറി ശുദ്ധീകരണം എന്നീ പ്രവൃത്തികൾ ധനലഭ്യതയ്ക്കനുസൃതമായി വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നു.<br>ജില്ല തിരിച്ച് വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം I** ആയി ചേർത്തിരിക്കുന്നു. |

**<u>ജലസേചന വകുപ്പ്</u>**

സംസ്ഥാനത്തെ നദികളിലെ ജലം ഒഴുകി നഷ്ടപ്പെടുന്നത് തടഞ്ഞ് ശുദ്ധജലം ലഭ്യമാക്കുന്നതിനും നദികൾ, ജലാശയങ്ങൾ, കുളങ്ങൾ, നീരുറവകൾ എന്നിവ സംരക്ഷിക്കുന്നതിനുമായി സർക്കാർ നടപ്പുവർഷം സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

1. മലപ്പുറം ജില്ലയിലെ ചാലിയാർ തടത്തിൽ 12 ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനായി 7.58 കോടി രൂപയ്ക്ക് അംഗീകാരം നൽകി.
2. വിവിധ ജില്ലകളിലായി ചെക്ക്ഡാം, വി.സി.ബി, ആർ.സി.ബി, എസ്.ഡബ്ല്യൂ.ഇ എന്നിവ നിർമ്മിക്കുന്നതിനായി 134.12 കോടി രൂപയ്ക്ക് അംഗീകാരം നൽകി.
3. തൃശൂർ കോൾനിലങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് - തലപ്പിള്ളി പാക്കേജ് 7.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു.
4. പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ ഭവാനി നദീതടത്തിൽ ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനായി 31-03-15 ൽ 469 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
5. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ അംഗീകാരം ലഭിക്കാത്ത കുളങ്ങളുടെ അനുമതിയ്ക്കായി ചീഫ് എഞ്ചിനീയർ (ഐ&എ) ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**<u>ഭൂജല വകുപ്പ്</u>**

സംസ്ഥാനത്ത് ഭൂജല സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി പദ്ധതികൾ ഭൂജല വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. അടിയണകൾ, ചെക്ക് ഡാമുകൾ, മഴക്കുഴികൾ, തുറന്ന കിണർ റീചാർജ്ജ് എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

2014-15 സാമ്പത്തിക വർഷം അംഗീകാരം നൽകിയ പദ്ധതികൾ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കാസർഗോഡ് | മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം തുറന്ന കിണറിൽ ഇറക്കി സംഭരിക്കുന്ന പദ്ധതി പ്രകാരം 2 സർക്കാർ സ്കൂളുകളിൽ അനുമതി നൽകി. (അടങ്കൽ തുക 255,000/-രൂപ) |

| | |
|---|---|
| കോഴിക്കോട് | ചെറിയതോട്ടിൽ 2 ചെക്ക് ഡാം (തടയണ) നിർമ്മിക്കുവാൻ അനുമതി നൽകി(അടങ്കൽ തുക 6,82,370/- രൂപ) |
| മലപ്പുറം | മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം തുറന്ന കിണറിൽ ഇറക്കി സംഭരി ക്കുന്ന പദ്ധതി പ്രകാരം 4 സർക്കാർ സ്കൂളുകളി ലും 1 ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി യിലും, 1 ആയുർവേദ കോളേജിലും, 1 പോൾട്രി ഫാമിലും നടപ്പിലാക്കാൻ 6,28,100/-രൂപയുടെ അനുമതി നൽകി. |
| പാലക്കാട് | 1 സർഫസ് ഡാം (അടിയണ), 1 ചെക്ക് ഡാം (തടയണ), 9 സർക്കാർ സ്കൂളിൽ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം തുറന്ന കിണറിൽ ഇറക്കി സംഭരിക്കുന്ന പദ്ധതി എന്നിവ നടപ്പിലാക്കാൻ അനുമതി നൽകി. (അടങ്കൽ തുക 20,18,000/- രൂപ) |
| ഇടുക്കി | മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം തുറന്ന കിണറിൽ ഇറക്കി സംഭരിക്കുന്ന പദ്ധതി 2 സർക്കാർ സ്കൂളുകളിലും 1 പോസ്റ്റാഫീസിലും നടപ്പിലാക്കാൻ അനുമതി നൽകി (അടങ്കൽ തുക 2,77,000/- രൂപ) |
| കോട്ടയം | മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം തുറന്ന കിണറിൽ ഇറക്കി സംഭരിക്കുന്ന പദ്ധതി 19 സർക്കാർ സ്കൂളുകളിൽ നടപ്പിലാക്കാൻ അനുമതി നൽകി. (അടങ്കൽ തുക 2,93,250/- രൂപ ആകെ അനുമതി നൽകിയത് 67,92,970/- രൂപ). |

**റവന്യൂ വകുപ്പ്**

ജില്ല തിരിച്ചുള്ള വിശദാംശം **അനുബന്ധം II** ആയി ചേർക്കുന്നു.

| | | | |
|---|---|---|---|
| (ഡി) | ഇതിനായി നടപ്പുവർഷം എത്ര തുക വകയിരുത്തി; ഏതെല്ലാം പദ്ധതികൾ വഴി എത്ര തുക ചെലവാക്കി; എത്ര തുക വകമാറ്റി ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | **കേരള ജല അതോറിറ്റി**<br>2014-15 സാമ്പത്തികവർഷത്തിൽ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ-2014 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് 31.94 കോടി രൂപയുടെ അനുമതി നൽകി. |

| പദ്ധതികൾ | തുക |
|---|---|
| 1. ജല ഉറവിടങ്ങളുടെ പുനരുദ്ധാരണം | 10 കോടി |

| | |
|---|---|
| 2. പമ്പ്സെറ്റുകളും ഇലക്ട്രിക്കൽ ഉപകരണങ്ങളും മാറ്റി സ്ഥാപിക്കൽ | 14 കോടി |
| 3. വാൽവുകളുടെയും, വാൽവ് ചേമ്പറുകളുടെയും റിപ്പയറും മാറ്റി സ്ഥാപിക്കലും | 5.17 കോടി |
| 4. ജലത്തിൽ ഉപ്പുരസം കലരുന്നത് തടയൽ | 2.77 കോടി |
| **ആകെ** | **31.94 കോടി** |

ജലഉറവിടങ്ങളുടെ പുനരുദ്ധാരണം, ജലത്തിൽ ഉപ്പുരസം കലരുന്നത് തടയൽ എന്നീ വിഭാഗങ്ങളിലായി കേരള ജല അതോറിറ്റി ഇതുവരെ വിവിധ ജില്ലകളിലായി 10.4059 കോടി രൂപയുടെ 358 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഇവയിൽ 109 പ്രവൃത്തികൾ പൂർത്തീകരിക്കുകയുണ്ടായി. 65 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചു വരുന്നു.

**ജലസേചന വകുപ്പ്**

നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ തുക ചുവടെ ചേർക്കുന്നു.

1. ചാലിയാർ പദ്ധതിയ്ക്കും, തൃശൂർ കോൾ നിലയവുമായി ബന്ധപ്പെട്ട തലപ്പള്ളി പാക്കേജിനുമായി 11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
2. ഭവാനി, കബനി ബേസിനിലെ പ്രവൃത്തികൾക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
3. കുളങ്ങളുടെ പുനരുദ്ധാരണത്തിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

**ഭൂജല വകുപ്പ്**

ഈ സാമ്പത്തിക വർഷം ഈ പദ്ധതിയിൽ കീഴിൽ 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**റവന്യൂ വകുപ്പ്**

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കുടിവെള്ള സംരക്ഷണത്തിനായി 50 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ മുഖേന തെരഞ്ഞെടുക്കുന്ന ജില്ലയിലെ ഒരു ശുദ്ധജല സ്രോതസ്സിന്റെ പരിപോഷണത്തിന് വേണ്ടി ഉപയോഗിക്കുക എന്നതാണ് ഉദ്ദേശ്യം.

| | | | |
|---|---|---|---|
| | | | നിലവിൽ എറണാകുളം ജില്ലയിലെ മഴുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ തുമ്പശ്ശേരിച്ചിറ, പാലക്കാട് ജില്ലയിലെ വടകരപ്പതി പഞ്ചായത്തിൽ ജലസംരക്ഷണ പ്രവർത്തനം നടത്തുന്നതിന്, തൃശ്ശൂർ ജില്ലയിൽ വിജയകരമായി നടപ്പാക്കി വരുന്ന മഴപ്പൊലിമ പദ്ധതിക്ക് സഹായം എന്നീ പദ്ധതികൾ പരിഗണനയിലാണ്. ഇതിന് പുറമെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കുടിവെള്ളം ഉറപ്പു വരുത്തുന്നതിലേയ്ക്കായി വേണ്ടുന്ന നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം I

# KERALA WATER AUTHORITY

## Progress Report of Draught Relief Works - 2014

| Sl. No. | Name of District | Name of Division | Source Improvements works | | Salinity intrusion prevention | | Total | | Works Completed | Billed Amount (Anticipated Expenditure in Lakhs) | Works Ongoing | Works Dropped | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | No | Amount | No | Amount | No | Amount | No | Amount | No | No | |
| 1 | Trivandrum | PH Division, Trivandrum | 3 | 27.00 | | | 3 | 27.00 | 1 | 1.48 | 0 | 2 | |
| | | WS Division Neyyattinkara | 9 | 16.40 | 5 | 17.00 | 14 | 33.40 | 8 | 9.09 | 0 | 6 | |
| | | HW Division Aruvikkara | 11 | 3.51 | | | 11 | 3.51 | 4 | 0.00 | 1 | 6 | Bill under preparation |
| | | WS Division Attingal | 11 | 17.20 | | | 11 | 17.20 | 6 | 3.17 | 0 | 5 | |
| | | Total | 34 | 64.11 | 5 | 17.00 | 39 | 81.11 | 19 | 13.74 | 1 | 19 | |
| 2 | Kollam | PH Division, Kollam | 5 | 14.00 | | | 5 | 14.00 | 4 | 8.00 | 0 | 1 | Bill under preparartion. |
| | | PH Division, Kottarakkara | 13 | 44.82 | | | 13 | 44.82 | 4 | 4.02 | 0 | 9 | |
| | | Total | 18 | 58.82 | 0 | 0.00 | 18 | 58.82 | 8 | 12.02 | 0 | 10 | |
| 3 | Pathanamthitta | PH Division, Pathanamthitta | 20 | 49.70 | | | 20 | 49.70 | 6 | 0.00 | 4 | 10 | Bill under preparartion. |
| 4 | Alappuzha | PH Division Alappuzha | 25 | 79.29 | 2 | 13.00 | 27 | 92.29 | 0 | 0.00 | 27 | 0 | |
| 5 | Kottayam | PH Division Thiruvalla | 8 | 10.50 | | | 8 | 10.50 | 3 | 0.00 | 1 | 4 | Bill under preparartion. |
| | | PH Division, Kottayam | 42 | 88.70 | | | 42 | 88.70 | 7 | 19.39 | 0 | 35 | |
| | | PH Division, Kaduthuruthy | 2 | 10.00 | | | 2 | 10.00 | 0 | 0.00 | 0 | 2 | |
| | | Total | 52 | 109.20 | 0 | 0.00 | 52 | 109.20 | 10 | 19.39 | 1 | 41 | |

# KERALA WATER AUTHORITY

## Progress Report of Draught Relief Works - 2014

| Sl. No. | Name of District | Name of Division | Source Improvements works | | Salinity Intrusion prevention | | Total | | Works Completed | Billed Amount (Anticipated Expenditure in Lakhs) | Works Ongoing | Works Dropped | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | No | Amount | No | Amount | No | Amount | No | Amount | No | No | |
| | | | | | | | | | | | | | |
| 6 | Idukki | PH Division, Thodupuzha | 49 | 96.30 | | | 49 | 96.30 | 23 | 0.71 | 8 | 18 | Bill under preparartion. |
| | | | | | | | | | | | | | |
| 7 | Ernakulam | PH Division, Muvattupuzha | 8 | 7.30 | | | 8 | 7.30 | 3 | 3.68 | 0 | 5 | 5 works tendered,but no response |
| | | PH Division, Aluva | 8 | 17.70 | 7 | 15.00 | 15 | 32.70 | 1 | 4.00 | 14 | 0 | |
| | | WS Division, Kochi | 2 | 7.00 | | | 2 | 7.00 | 1 | 0.60 | 0 | 1 | |
| | | PH Division, Kochi | 0 | 0.00 | | | 0 | 0.00 | 0 | 0.00 | 0 | 0 | |
| | | Total | 18 | 32.00 | 7 | 15.00 | 25 | 47.00 | 5 | 8.28 | 14 | 6 | |
| | | | | | | | | | | | | | |
| 8 | Thrissur | PH Division, Irinjalakkuda | 4 | 3.75 | | | 4 | 3.75 | 3 | 0.74 | 0 | 1 | |
| | | PH Division, Thrissur | 4 | 10.00 | | | 4 | 10.00 | 0 | 0.00 | 0 | 4 | 3 works arranged and completed under maintenace. |
| | | Total | 8 | 13.75 | 0 | 0 | 8 | 13.75 | 3 | 0.74 | 0 | 5 | |
| | | | | | | | | | | | | | |
| 9 | Palakkad | PH Division Shornur | 12 | 32.45 | | | 12 | 32.45 | 8 | 24.02 | 0 | 4 | |
| | | PH Division Palakkad | 6 | 100.00 | | | 6 | 100.00 | 0 | 0.00 | 1 | 5 | Fund requested for KSEB deposit work. |
| | | Total | 18 | 132.45 | 0 | 0 | 18 | 132.45 | 8 | 24.02 | 1 | 9 | |
| | | | | | | | | | | | | | |
| 10 | Wayanad | PH Division S Batheri | 28 | 115.74 | | | 28 | 115.74 | 8 | 0.00 | 0 | 20 | |

# KERALA WATER AUTHORITY

## Progress Report of Draught Relief Works - 2014

| Sl. No. | Name of District | Name of Division | Source Improvements works | | Salinity intrusion prevention | | Total | | Works Completed | Billed Amount (Anticipated Expenditure in Lakhs) | Works Ongoing | Works Dropped | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | No | Amount | No | Amount | No | Amount | No | Amount | No | No | |
| | | | | | | | | | | | | | |
| 11 | Malappuram | PH Division Edappal | 8 | 25.50 | | | 8 | 25.50 | 1 | 2.91 | 5 | 2 | |
| | | PH Division Malappuram | 17 | 40.00 | | | 17 | 40.00 | 6 | 16.30 | 0 | 11 | |
| | | Total | 25 | 65.50 | | 0 | 25 | 65.50 | 7 | 19.21 | 5 | 13 | |
| | | | | | | | | | | | | | |
| 12 | Kozhikkode | PH Division Kozhikkode | 2 | 15.00 | | | 2 | 15.00 | 1 | 0.00 | 0 | 1 | Bill under preparation |
| | | PH Division Vatakara | 8 | 18.99 | | | 8 | 18.99 | 0 | 0.00 | 0 | 8 | |
| | | Total | 10 | 33.99 | 0 | 0 | 10 | 33.99 | 1 | 0.00 | 0 | 9 | |
| | | | | | | | | | | | | | |
| 13 | Kannur | WS Division Kannur | 11 | 34.10 | | | 11 | 34.10 | 5 | 4.71 | 0 | 6 | |
| | | | | | | | | | | | | | |
| 14 | Kasaragod | PH Division Kasaragod | 20 | 60.00 | 8 | 48.65 | 28 | 108.65 | 6 | 19.91 | 4 | 18 | Bill under preparartion for the 2 source improvement works completed. |
| GRAND TOTAL | | | 336 | 944.94 | 22 | 93.65 | 358 | 1038.59 | 109 | 122.71 | 65 | 184 | |
| GoK sanction (Rs. In Lakhs) | | | | 1000.00 | | 277.00 | | 1277.00 | | | | | |
| Balance amount (Rs. In Lakhs) | | | | 55.06 | | 183.35 | | 238.41 | | | | | |

**അനുബന്ധം II**

| ജില്ല | സ്വീകരിച്ച നടപടികൾ |
|---|---|
| തിരുവനന്തപുരം | 5 ലക്ഷം രൂപ വരെ ചെലവ് പ്രതീക്ഷിക്കുന്ന അടിയന്തിര വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ - നദീസംരക്ഷണത്തിനായി ആർ.എം.എഫ്-ൽ നിന്നും 3,39,38,000/- രൂപ വിനിയോഗിച്ച് 11 പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 4 പദ്ധതികൾ പൂർത്തിയായി. 4- പദ്ധതികൾ അന്തിമ ഘട്ടത്തിലാണ്. 3 പദ്ധതികൾ നടപ്പിലാക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. |
| കൊല്ലം | കുളങ്ങൾ, തോടുകൾ, കുഴൽക്കിണറുകൾ, പൊതു കിണറുകൾ എന്നിവയുടെ നവീകരണം, കിണർ നിർമ്മാണം, കുളങ്ങൾ നിർമ്മാണം, തടാകങ്ങളുടെ സംരക്ഷണം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| പത്തനംതിട്ട | വരൾച്ച സംബന്ധിച്ച ബോധവത്ക്കരണം നടത്തുന്നതിന് ശില്പശാലകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. നദികളെയും, ജലാശയങ്ങളെയും, കുളങ്ങളെയും നീരുറവകളെയും സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ആലപ്പുഴ | രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിവെള്ള വിതരണ പൈപ്പ് ലൈനുകൾ നീട്ടുന്നതിനും അറ്റകുറ്റപ്പണികൾക്കും 2,50,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് കുളങ്ങളുടെ സംരക്ഷണ-ത്തിന് കുട്ടനാട് പാക്കേജുകൾ ഉൾപ്പെടെയുള്ള പദ്ധതികളിൽ-പ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| കോട്ടയം | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കുളങ്ങളും കിണറുകളും മറ്റ് ശുദ്ധജല സ്രോതസ്സുകളും ഉപയോഗയോഗ്യ മാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ എ.ഡി.സി (ജനറൽ)നെ ചുമതല പ്പെടുത്തി. |
| ഇടുക്കി | കുടിവെള്ള പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനായി ഇടുക്കി ജില്ലയിൽ 14 കുളങ്ങളുടെയും കിണറുകളുടെയും പുനരുദ്ധാരണ പ്രവൃത്തികൾക്ക് അനുമതി നൽകി പൂർത്തീകരിച്ചിട്ടുണ്ട്. |
| എറണാകുളം | പൊതുകുളങ്ങൾ, പൊതുകിണറുകൾ എന്നിവ ചെളി മാറ്റി ഉപയോഗ യോഗ്യമാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് വിനിയോഗി-ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| തൃശ്ശൂർ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷ പ്രകാരം കുളങ്ങളും കിണറുകളും വൃത്തിയാക്കുന്നതിന് ഭരണാനുമതി നൽകി വരുന്നു. |
| പാലക്കാട് | ജലാശയങ്ങളിലെയും നീരുറവകളിലെയും കുളങ്ങളിലെയും ചെളിമാറ്റി ഉപയോഗയോഗ്യമാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ പണം വിനിയോഗിക്കേണ്ടതാണെന്നുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. |
| മലപ്പുറം | 2014-15 വർഷത്തിൽ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ ഷൗക്ക കടവിൽ ചെറുപുഴയ്ക്ക് കുറുകെ തടയണ നിർമ്മാണം തുടങ്ങിയിട്ടുണ്ട്. ഇതിനായി 45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജില്ലയിൽ 15 ചെക്ക് ഡാമുകൾക്കും റെഗുലേറ്ററുകൾക്കും അനുമതി ലഭിച്ചു. ഇതിന് 660.70 രൂപ വകയിരുത്തിയിട്ടുമുണ്ട്. ഇതു കൂടാതെ ചാലിയാർ റിവർ ബേസിനിൽ 12 ചെക്ക് ഡാമുകൾക്ക് അനുമതി ലഭിക്കുകയും ഇതിന് 758.00 ലക്ഷം രൂപ വകയിരുത്തുകയും |

| | |
|---|---|
| | ചെയ്തിട്ടുണ്ട്. |
| കോഴിക്കോട് | 2014-15 ൽ 1040 കിണറുകളും 195 കുളങ്ങളും 7 ചിറകളും വൃത്തിയാക്കിയിട്ടുണ്ട്. |
| വയനാട് | കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ജലാശയങ്ങളെയും കുളങ്ങളെയും നീരുറവകളെയും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| കാസർഗോഡ് | ഉപയോഗയോഗ്യമല്ലാതായിത്തീർന്നിട്ടുള്ള കുഴൽകിണറുകൾ, പൊതുകിണറുകൾ, കുളങ്ങൾ എന്നിവ നന്നാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ പണം വിനിയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| കണ്ണൂർ | ജില്ലയിലെ എല്ലാ ജലസ്രോതസ്സുകളും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ